പ്രവർത്തക സഹകരണ സംഘം, ദുർബല കാർഷിക സംസ്ക്കരണ യൂണിറ്റുകളുടെ പുനുരദ്ധാരണം, പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധനശേഷി ശക്തിപ്പെടുത്തുക, ദുർബല വിപണന സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, 2008-2009 സാമ്പത്തിക വർഷം പ്രവർത്തനം മന്ദഗതിയിലായ് കായംകുളം ട്രാൻസ്പോർട്ട് സഹകരണ സംഘത്തിന്റെ പുനരുദ്ധാരണത്തിന് വായ്പയായി 3 കോടി രൂപയും ആലപ്പുഴ, കോട്ടയം ജില്ലകളിലെ കക്ക വ്യവസായ സഹകരണ സംഘങ്ങൾക്ക് ഒരു കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ, സഹകരണ നവരത്നം ബമ്പർ ലോട്ടറിയുടെ ലാഭത്തിൽ നിന്നും 85 സഹകരണ സ്ഥാപനങ്ങൾക്കായി 1456 ലക്ഷം രൂപയുടെ ധനസഹായം നൽകുന്നതിനും സാധിച്ചിട്ടുണ്ട്.

വായ്പാ അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കാൻ നടപടി

4 (4059) ശ്രീ. എം. ഉമ്മർ :

ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിന് നൽകുന്ന അപേക്ഷകൾ അടിയന്തരമായി തീർപ്പു കൽപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ വായ്പ എടുക്കുന്നതിന് അപേക്ഷ ലഭിച്ച് 15 ദിവസങ്ങൾക്കകവും കേരളാ സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് 20 ദിവസങ്ങൾക്കകവും തീർപ്പ് കൽപ്പിക്കണമെന്ന് സഹകരണ സംഘം രജിസ്ട്രാർ 89/80 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് സഹകരണ ബാങ്കുകൾ, വായ്പാ സംഘങ്ങൾ എന്നിവയിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച് പ്രത്യേക കാലാവധി നിർദ്ദേശിച്ചിട്ടില്ലായെങ്കിലും കഴിയുന്നതും വേഗം വായ്പയുടെ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നുണ്ട് എന്ന് സഹകരണ വകുപ്പിന്റെ പരിശോധനയിൽ ഉറപ്പാക്കാറുണ്ട്. ഏതെങ്കിലും കാരണവശാൽ, വായ്പകൾ യഥാസമയം, ലഭിക്കുന്നില്ലെന്ന് പരാതികൾ ലഭിക്കുന്നവയിൽ, സംഘങ്ങൾക്ക് നിർദ്ദേശം നൽകാറുണ്ട്. എന്നിരുന്നാലും ഇക്കാര്യത്തിൽ ഒരു സമയപരിധി നിശ്ചയിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly